# കവിത
# കുഴൂർ വിത്സൺ



ഇ പുസ്തകം
ഹരിതകം.കോം
2007

കുഴൂർ വിത്സൺ



ഉറക്കം ഒരു കന്യാസ്ത്രീ (1998), ഇ (2003),
വിവർത്തനത്തിനു ഒരു വിഫല ശ്രമം (2006)
എന്നിവയാണ് കൃതികൾ.

ഇപ്പോൾ ഏഷ്യാനെറ്റിന്റെ ദുബായ് ബ്യൂറോയിൽ.
ഏഷ്യാനെറ്റ് റേഡിയോയിൽ വാർത്തകൾ
അവതരിപ്പിക്കുന്നു.

Born in 1975 at Kuzhoor a village in Trichur district. Entered the field of journalism as a provisional reporter of Express daily in the college days itself. Worked with Chandrika, Kaladarppanam magazine, D-Net News. From 2003 a part of Asianet News. Presenter of the news based programme 'News Focus' in Asianet Radio 648 AM. Done script of 'Ekam' a documentary that acclaimed wide fame. Writing columns on poetry and other contemporary issues. Works were translated to several languages including Arabic. "Urakkam oru kanyasthree", "E", "Vivarthanathinu oru vibhala sramam" are the main works. Wife Mary Mathew, a teacher by profession is part of the teaching

team in Sharjah Our Own English School. Awards N.M.Viyyoth poetry award in 2003, Arabia award in 2004.

more….

www.vishakham.blogspot.com
www.kuzhoor.com
www.kuzhoorpoems.blogspot.com

adress

kuzhoor wilson
asianet news
p.o.box 62 787
media city, dubai, u a e
2)kuzhoor.p.o, 680 734, kerala

e mail:
fireohm@gmail.com

# കവിതകൾ

## ഉപമകൾ നിരോധിച്ച ഒരിടത്തെ താജ് മഹൽ

അതുപോലെ
ഇതെന്ന്
ആരെങ്കിലും
എന്നെങ്കിലും
പറഞ്ഞാൽ

പഞ്ചാരയിട്ട്
കരിച്ച കളയും,
പന്നീ

അവന്റെയൊരു കൈവിരൽ

ഉരുകിയൊലിച്ച
ആത്മാവിന്റെ
ശരീരം നീ കണ്ടിട്ടുണ്ടോ

ഉള്ളിലെ ശില്പവും.

## നിങ്ങളുടെ പേരു ഞാൻ മറന്നിരിക്കുന്നു

ഒരുമിച്ചു പഠിച്ചിട്ടുണ്ടോ
അതല്ലെങ്കിൽ ഒരു ചടങ്ങ്
ഒരേ സീറ്റിൽ

ക്യൂ നിന്ന മടുത്തപ്പോഴാണോ

ഏതെങ്കിലും ബസ് സ്റ്റോപ്പിൽ
അതുമല്ലെങ്കിൽ
ടെലഫോൺ ബുക്കിൽ - ഇല്ല
ക്ഷണിക്കപ്പെടേണ്ടവരുടെ ലിസ്റ്റിൽ

എപ്പോഴെങ്കിലും
ഉപകാരപ്പെട്ടേക്കുമെന്നവരുടെ
കൂട്ടത്തിൽ

അങ്ങനെയുമില്ല

നിങ്ങൾ
ഇങ്ങനെത്തന്നെയായിരുന്നോ

എന്തെങ്കിലും കാര്യത്തിനു
നിങ്ങളുടെ പേരു ഉച്ചരിച്ചതായി
ഞാനോർക്കുന്നില്ല

സ്വപ്നത്തിലെ
ആളുകളെപ്പോലെയാണു നിങ്ങൾ
കിണറ്റിൽ വീണ ആൾ

വണ്ടിയോടിച്ചിരുന്ന ആൾ
കടലിനും മുൻപ് എന്നെ തടഞ്ഞ ആൾ
അങ്ങനെ

എനിക്കു
മറക്കാനാണ്
നിങ്ങളുടെ പേര്
ഉണ്ടായിരിക്കുന്നത്
എന്നാണു തോന്നുന്നത്

ഞാൻ മൂകനാണെന്നു
വിചാരിക്കുകയാണു
ഇനിയുള്ള ഒരു വഴി

നിങ്ങൾ ബധിരനാണെന്നു
വിചാരിക്കുന്നതു
മറ്റൊരു വഴി

## മരത്തിനു താഴെ ഞാനവളെ കാത്തിരിക്കുന്നു

ഈ മരം വളർന്നു വലുതാകും
അതിൽ പഴങ്ങളുണ്ടാകും

കാക്കകൾ വരും
തേനീച്ചകൾ ഉറുമ്പുകൾ പഴുതാര
എല്ലാരുമെത്തും

കാറ്റ് വരും  മഴ വരും
വെയിൽ വരും

ഓരോരോ രീതിയിൽ
പഴത്തിന്റെ രുചിയറിയും

മരം പിന്നെയും വളരും

കൈയ്യെത്താത്ത ദൂരത്തിൽ
കൊമ്പുകൾ വളരുമ്പോൾ
കുട്ടികൾ
അതിനെയുപേക്ഷിച്ചു പോകും

പിന്നെ കരാറുകാർ വരും
മരം വെട്ടുകാരം

പിന്നെയാണ്‌ ആശാരി

കാക്കയിരുന്ന
അതേ കൊമ്പിൽ
ഉളി കൊള്ളുമ്പോൾ
കാക്കക്കരച്ചിൽ പോലെ
ഒരൊച്ച കേൾക്കും

ആ ഒച്ച കേട്ടു
ശേഷിക്കുന്ന കുട്ടികൾ
ഞെട്ടി പറന്നു പോകും

കാറ്റു പിടിച്ച
അതിൻെറ ചുമലിൽ
ആണി കയറുമ്പോൾ
ഒരു തരം മൗനമായിരിക്കും

വെള്ളിയാഴ്ച്ചയിലെ
നട്ടുച്ച കണക്കെ
വിജനമായ ഒന്ന്

പള്ളിയിൽ പോകുന്ന
ഒരാൾ പോലുമുണ്ടാകില്ല

പതുക്കെ
അതു വാതിലാകും
ഉള്ളിൽ കയറിച്ചെന്നു
കസേരയായി ഇരിക്കും
ക്ഷീണിച്ച് തളർന്ന്
കട്ടിലായി കിടക്കും

ആ മരത്തിനു താഴെ
ഞാനവളെ കാത്തിരിക്കുന്നു.

## അലക്ക്

ഷർട്ടോ
ഷഡിയോ
ആയിരുന്നെങ്കിൽ
ആ മൂലയിലേക്കു
വലിച്ചെറിയാമായിരുന്നു

ഇതിപ്പോൾ
ശരീരമാണ്

കുളിമുറിയിലെ
സാധാരണ അലക്കു പോരാ

തീരെ മുഷിഞ്ഞ
തുണികൾ
അലക്കുകാരനു കൊടുക്കും പോലെ

പുഴക്കോ കടലിനോ കൊടുക്കണം

തിരിച്ചു തരുമായിരിക്കും

## കൃഷിക്കാരൻ

രാവിലത്തെ നടത്തം കഴിഞ്ഞ്
നടന്ന് തന്നെ മടങ്ങുമ്പോൾ
ചായക്കടയിൽനിന്നും
രണ്ടു പഴം വാങ്ങി

പഴം തിന്നുമ്പോൾ അത്
കൃഷി ചെയ്തയാളെ
ഭാവനയിൽ വരച്ചു നോക്കി

ഞാനിപ്പോൾ തിന്നുന്നപഴത്തിന്റെ
കൃഷിക്കാരൻ ഇപ്പോളെവിടെയായിരിക്കും

അയാൾ ഉറങ്ങുകയാവുമോ
കൃഷി ചെയ്യുകയായിരിക്കുമോ

അയാൾ ഇപ്പോൾ ഉണ്ടാകുമോ

കൃഷിക്കാരനെ ഓർത്തപ്പോൾ
കൃഷിക്കാരനായിരുന്ന
അപ്പനെ ഓർമ്മ വന്നു

കഷ്ടം

ഒരു പഴം വേണ്ടി വന്നു
ഈ തെറിച്ച വിത്തിന് സ്വന്തം
കൃഷിക്കാരനെ ഓർമ്മിക്കുവാൻ

## കാക്ക

സ്വപ്നത്തിൽ നാടിനെ വിവർത്തനം ചെയ്യുമ്പോൾ
ഒരു കാക്ക വന്നു വിരുന്നു വിളിച്ചു

എണീറ്റ് നോക്കുമ്പോൾ
അപ്പുറത്തെ ഫ്ലാറ്റിന്റെ ജനലിൽ
ഒരു പ്രാവ് ഇരുന്നുറങ്ങുന്നു

ഒന്നും മിണ്ടുന്നില്ല

വിരുന്നുകാരാ തിരിച്ചു പോകൂ
വിസയില്ലാതെ
എന്റെ സ്വപ്നത്തിൽ കഴിയരുതേ

## തെങ്ങുകൾ

ഈന്തപ്പനകളോടൊരു ചോദിച്ചു

തുറിച്ച് നോക്കുന്നതെന്തിന്
വിവർത്തന ശേഷമുള്ള
തെങ്ങുകളാണ് ഞങ്ങൾ

മറന്നുവോ?

## നീ അത് കണ്ടുവോ

ഒരേ സമയം
രണ്ട് ഇടങ്ങളിൽ ഇരുന്ന്
ഒരേ സ്വപ്നം കാണുന്ന
യന്ത്രംവികസിപ്പിച്ചെടുത്തതായി
ഞാൻ ഇന്നലെ സ്വപ്നം കണ്ടു

നീ അത് കണ്ടുവോ

## വിവർത്തന ശേഷം കുമാരൻ ഗർജ്ജനമംഗലം എന്ന ഭാഷ

മെലിഞ്ഞ ദേഹവും
സാഗരത്തേക്കാൾ ഗർജ്ജിക്കുന്ന
ശബ്ദവുമായി ഒരു നാൾ
ഞാനുണ്ടായിരുന്നു

തെളിവായി നിരോധിച്ച
കോളാമ്പികൾ മാത്രം മതി

ആയിരം നാവുമരങ്ങളായി
പെരുവഴിയിൽ
പൂത്തുനിന്നതോർമ്മയുണ്ട്

നെഞ്ചിൽ പന്തം കുത്തി
നാട്ടിൽ കാവൽ നിന്നതോർമ്മയുണ്ട്

ഇട്ടീരയെങ്ങനെ ഇട്ടീരയായെന്നു
ചോദിച്ചതോർമ്മയുണ്ട്

ഇന്നിപ്പോൾ വിവർത്തനശേഷം
കണ്ണാടിയിൽ നോക്കുമ്പോൾ
വാക്കു തടിച്ചു വീർത്തിരിക്കുന്നു
കണ്ണടയുടെ അഴികൾക്കിടയിൽ
അതു പതുങ്ങിക്കിടക്കുന്നു

ഉപകളുടെ വയറു ചാടി
അലങ്കാരത്തിലെ ദുർമേദസ്സ്

എന്റെ കവിതകൾക്കു
എന്നെ മനസിലാകുമോ ആവോ

നടക്കാൻ വയ്യ
ഇരുന്നിരുന്നു എഴുന്നേൽക്കാനേ വയ്യ

പുതിയതൊക്കെയും

വെട്ടിവിഴുങ്ങണമെന്നുണ്ട്
പക്ഷെ കാണുമ്പോഴേ വരും ഓക്കാനം

വ്യായാമം മുടങ്ങിയാൽ
പ്രമേഹത്തിലൊടുങ്ങുമല്ലോ
പരമേശ്വരാ

400 പേജിന്റെ ആത്മകഥ

## ഇരട്ടകൾ

ടി.പി.അനിൽകുമാറിന്

നമ്മുടെ സിരകളിൽ  ഓടുന്നത്
ഒരേ കുപ്പിയിലെ ഒരേ ബ്രാൻഡ്
മദ്യമാണെന്നതൊഴിച്ചാൽ
നീയും ഞാനും തമ്മിലെന്ത്

നിൻെറ കുഞ്ഞുങ്ങൾ എന്റെതല്ല
നിൻെറയവളെ ഞാൻ
കൂട്ടുകാരീയെന്നു
വിളിക്കുമായിരിക്കും

നിൻെറയമ്മ

ഇല്ല, എൻെറ അമ്മയോളം വരില്ല

പിന്നെ നീ ഇടക്കിടെ കരയും
നിൻെറ കണ്ണീരിന് എന്തോരു ഉപ്പാ
എൻെറ കണ്ണീരിന് കട്ടും മധുരമാ
ഒരു തുള്ളി തരില്ല

നീ വേണമെങ്കിൽ
പട്ടിണി കിടക്ക്

ആർക്കു പോയി!
നിന്റെ മറ്റവൾക്കും
കുഞ്ഞുങ്ങൾക്കും പോയി

പിന്നെ നീ ഇടക്കിടെ കവിത ചൊല്ലും
ഞാനും ചൊല്ലും
എല്ലാവരും ചൊല്ലും
ചൊല്ലെട്ടെടാ

ലോകാവസാനം വരെ
ഒറ്റക്കു തന്നെ
കരഞ്ഞു കാലുപിടിച്ചോളാമെന്നു
നീ ആർക്കെങ്കിലും
വാക്കു കൊടുത്തിട്ടുണ്ടോ

ഞാൻ കൊടുത്തിട്ടില്ല
കൊടുക്കുകയുമില്ല
എങ്കിലും
ഒരാൾക്കാഴിച്ചു എന്നു
ബ്രാക്കറ്റിലെങ്കിലും എഴുതാൻ
കൈ തരിക്കുന്നതെന്തിനാ

അതു നിനക്ക് അറിയുമായിരിക്കും

ആ, വേണം
നീ എന്തെങ്കിലുമൊക്കെ അറിയണം

എന്നാലും
നമ്മളൊരുമിച്ച് ഒരിക്കലും
ആൽത്തറയിൽ
ഇരിക്കുകയില്ല

എന്തിനു വെറുതെ
ആ ആൽമരം
കരിച്ചു കളയണം

നീ കണ്ടുവോ എന്നറിയില്ല
ഞാൻ വന്നു തുടങ്ങിയതു മുതൽ
നിന്റെ കവിതയിലെ
മുരിങ്ങമരം ഉണങ്ങിതുടങ്ങിയിട്ടുണ്ട്

പിന്നെ നീ പെണ്ണായി
ജനിക്കാനൊന്നും പോണ്ട
നിന്നോളം വരില്ല
ഒരു പെണ്ണും

തെറി കേൾക്കുമെന്നോ?
കേൾക്കട്ടെ
എന്റെ പെണ്ണുങ്ങളെല്ലാം
ആണുങ്ങളാണ്

നീ ഉള്ള ഒരിടത്തും
നീയില്ലാത്തപ്പോൾ
ഞാൻ പോകില്ല

ഇരട്ടകളായി
പിറന്നതിന്റെ ശിക്ഷ ഇനി വയ്യ

നിന്റെയുമെന്റെയും
സിരകളിൽ ഓടുന്നത്
ഒരേ കുപ്പിയിലെ
ഒരേ ബ്രാൻഡ് മദ്യമാണ്

പറഞ്ഞില്ലെന്നു വേണ്ട
ഞാൻ ബ്രാൻഡ് മാറ്റുകയാണ്

## ഭൂപടം

ഇന്ത്യയുടെ ഭൂപടം വരയ്ക്കുമ്പോൾ
കുഴൂർ എവിടെയാണെന്നു
ആകുലപ്പെട്ടിരുന്ന ഒരു കുട്ടിയെ
എനിക്കറിയാം.
അഞ്ചു മിനിട്ടു കൊണ്ട് വരച്ചു തീർന്ന്
മൂന്നു മാർക്ക് വാങ്ങേണ്ടിയിരുന്ന ആ കലാപരിപാടി
പലപ്പോഴും അവനെ വഴിതെറ്റിച്ചു

ചോദ്യപേപ്പറിനും ഉത്തരക്കടലാസിനുമിടക്കിരുന്ന്
അവൻ തന്റെ തോടുകളും ചിറയും പാടങ്ങളും
അന്വേഷിച്ചു

വർക്കി ചേട്ടന്റെ ചായക്കട ഇവിടെ
ഇറച്ചിവെട്ടു കട അവിടെ
ക്രിക്കറ്റു കളിക്കുന്നതിവിടെ
സുബ്രമണ്യസ്വാമി ക്ഷേത്രം അവിടെ

കുണ്ടൂർ കടവ് ഇവിടെ
കൂട്ടുകാർ കാത്തുനിൽക്കുന്നതിവിടെ

പ്രീതി തിരിഞ്ഞു പോകുന്ന ഇടവഴിയവിടെ

എന്നിങ്ങനെ അടയാളപ്പെടുത്തി
വാണിംഗ് ബെല്ലടിച്ചാലും
ഇന്ത്യ വരച്ചു തീർന്നിട്ടുണ്ടാവില്ല
കാശ്മീർ അടയാളപ്പെടുത്തിയിട്ടുണ്ടാവില്ല